**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 418** **20-07-2022 - ൽ മറുപടിയ്ക്ക്**

**കൈവശ ഭൂമിക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മലയോര മേഖലകളിൽ റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ള കർഷകരുടെ കൈവശ ഭൂമിക്ക് പട്ടയം നല്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളുടെ പുരോഗതിയും ഇനി നൽകാൻ അവശേഷിക്കുന്ന പട്ടയങ്ങളുടെ വിശദ വിവരങ്ങളും വ്യക്തമാക്കുമോ; | (എ) | അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | സംയുക്ത പരിശോധന പൂർത്തിയായിട്ടില്ലാത്ത കേസുകൾ എത്രയാണെന്നും പരിശോധന ത്വരിതപ്പെടുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (ബി) | അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും ഉടമസ്ഥാവകാശ രേഖകളും നൽകുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ? | (സി) | അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം I</u>

| ക്രമ നമ്പർ | ജില്ല | മറുപടി |
|---|---|---|
| 1 | തിരുവനന്തപുരം | സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ള 382 അപേക്ഷകളിൽ സർവ്വെ അപാകത ഉള്ളതിനാൽ ( വിസ്തീർണ്ണ വ്യത്യാസം, സർവ്വെ വ്യത്യാസം) ആയത് പരിഹരിക്കുന്നതിന് സർവ്വെ നടപടി ചെയ്തു വരുന്നതും അതിൽ 165 എണ്ണം സർവ്വെ നടപടി പൂർത്തിയായിട്ടുള്ളതും ബാക്കിയുള്ളവ പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| 2 | കൊല്ലം | 529.9316 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്. ആയതിൽ 70 ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകുന്നതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി മുന്നാലെ ലഭിച്ചിട്ടുള്ളതും 325 ഗുണഭോക്താക്കൾക്ക് പട്ടയം നൽകിയിട്ടുള്ളതുമാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാൻ ശേഷിക്കുന്ന 459.9316 ഹെക്ടർ വനഭൂമിയുടെ സംയുക്ത പരിശോധനാ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പരിവേഷ് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നതാണ്. കേന്ദ്രാനുമതി ലഭിക്കുന്ന മുറക്ക് ജില്ലയിൽ നാലായിരത്തിൽപരം കുടുംബങ്ങൾക്ക് പട്ടയം നൽകാൻ കഴിയുന്നതാണ്. 4566 പേരാണ് സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| 3 | പത്തനംതിട്ട | പത്തനംതിട്ട ജില്ലയിൽ 01.01.1977 ന് മുമ്പ് വനഭൂമി കൈയ്യേറി കൈവശം വച്ചുവരുന്ന ഭൂമിയ്ക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ 1970.04 ഹെക്ടർ വനഭൂമി കൈയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പ്രപ്പോസലിൽ ഉൾപ്പെട്ട് വരുന്ന ഭൂമി പരിശോധിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും 18.03.2021 ൽ ബാംഗ്ലൂരിലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ റീജണൽ ഓഫീസർക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 2021 സെപ്റ്റംബർ മാസം ബാംഗ്ലൂർ ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി സ്ഥല പരിശോധന നടത്തി കേന്ദ്ര വനം മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോന്നി താലൂക്കിലെ 3000 കൈവശങ്ങൾ 2 സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സർവേ ചെയ്തിട്ടുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് റാന്നി താലൂക്കിലെ കൈവശങ്ങളും സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സർവ്വേ ചെയ്യേണ്ടതുണ്ട്. |
| 4 | ആലപ്പുഴ | സംയുക്ത പരിശോധന കേസുകൾ ഇല്ലാത്തതാണ് |
| 5 | കോട്ടയം | മണിലെ വില്ലേജിലെ ആലപ്ര പൊന്തൻപുഴ പ്രദേശങ്ങൾ 1910 ലെ സെറ്റിൽമെന്റ് റിക്കാർഡുകൾ പ്രകാരം ചങ്ങനാശ്ശേരി താലൂക്കിൽ മണിമല പകുതിയിൽ പഴയ സർവേ 111/1 ൽപെട്ട 1374.73 ഏക്കർ വനഭൂമിയിൽ ഉൾപ്പെട്ടതാണ് ടി സ്ഥലത്തിന്റെ സംയുക്തപരിശോധന 4/1/2001-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. സംയുക്ത പരിശോധന സമയത്ത് 668 കൈവശക്കാർ ഉണ്ടായിരുന്നു. നിലവിൽ 800 ൽ അധികം കൈവശക്കാർ ഉള്ളതാണ്. ഇവരിൽ 600 പട്ടികജാതി വിഭാഗത്തിൽപെട്ടവരുമാണ്. ടി പ്രദേശങ്ങൾ ഉൾപ്പെടുന്ന ആലപ്ര, പൊന്തൻപുഴ വനഭൂമി, വലിയകാവ് വനഭൂമി എന്നീ വനപ്രദേശങ്ങളുടെ അവകാശം സംബന്ധിച്ച് ചെറിയതി ജോസഫ് പരപ്പിൽ ഈറ്റത്തോട്ടത്തിൽ എന്ന കക്ഷിയുടെ കുടുംബാംഗങ്ങളും മറ്റു സ്വകാര്യ |

| | | |
|---|---|---|
| | | വ്യക്തികളും ചേർന്ന് ബഹു കോടതി മുമ്പാകെ സമർപ്പിച്ച് MSA 1/81 നമ്പർ കേസിലെ 10/1/2018 ലെ വിധി പ്രകാരം ആലപ്ര റിസർവ് വനപ്രദേശത്തിൽ സ്വകാര്യ വ്യക്തികൾക്ക് പ്രമാണ പരമായ അവകാശം അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ ടീ വനഭൂമിയുടെ അവകാശം ഭാഗികമായി സ്വകാര്യവ്യക്തികൾക്ക് വന്നുചേരുകയും ഇതിനെതിരെ സർക്കാർ ബഹു ഹൈക്കോടതി മുമ്പാകെ RP-182/2018 നമ്പരായി സമർപ്പിച്ച റിവ്യൂ ഹർജി തള്ളിപ്പോയിട്ടുള്ളതാണ്. ടി വിധികൾക്കെതിരെ സർക്കാർ (വനംവകുപ്പ്) ബഹു.സുപ്രീം കോടതി മുമ്പാകെ SLP(C)No-15337 - 15338/2019 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും നടപടിയിലിരിക്കുന്നതുമാണ്. |
| 6 | ഇടുക്കി | സംയുക്ത പരിശോധന പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനായി 5000 ഹെക്ടർ ഭൂമിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിരുന്നു. ടി ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനായി ജില്ലയിലെ 7 ഭൂമി പതിവ് സ്പെഷ്യൽ ആഫീസ് മുഖാന്തിരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു. സംയുക്ത പരിശോധന പൂർത്തീകരിച്ച് കേന്ദാനുമതി ലഭിച്ച ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനായി 3125 അപേക്ഷകൾ നിലവിലുള്ളതാണ്. |
| 7 | എറണാകുളം | കോതമംഗലം താലൂക്കിൽ 675.5038 ഹെക്ടർ വനഭൂമിക്ക് വനം-റവന്യൂ വകുപ്പിന്റെ സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ഇതിൽ 325.4440 ഹെക്ടർ ഭൂമി 1371 കൈവശക്കാർക്കായി പതിച്ചു നൽകി. പതിച്ച് നൽകാൻ കഴിയാത്ത ഭൂമികൾ ചുവടെ പറയുന്നവയാണ്.<br>1.കല്ലേലിമേട് മണികണ്ടൻചാൽ (ഹിൽമെൻ സെറ്റിൽമെന്റ് ആയതിനാൽ പതിച്ച് നൽകാൻ കഴിയാത്തതാണ്.) - 259.0890 ഹെക്ടർ<br>2. റോഡിന് വേണ്ടി ഒഴിവാക്കിയത് , KSEB ടവർ ലൈൻ, പാറ എന്നിവ മൂലം ഒഴിവാക്കിയത് - 76.6082 ഹെക്ടർ<br>3. അപേക്ഷ ലഭിച്ചതിൽ പട്ടയം നൽകാൻ ബാക്കിയുള്ളത് ( അവകാശ തർക്കം, തുക അടവാക്കാത്തത് എന്നിവ) - 14.30626 ഹെക്ടർ<br><br>ആകെ - 350.0598 ഹെക്ടർ. |
| 8 | തൃശ്ശൂർ | കേന്ദ്രാനുമതി ലഭ്യമായ 7,375 കേസുകളിൽ നാളിതുവരെ 5,536 എണ്ണത്തിൽ ( 1,156.2009 ഹെക്ടർ) പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന 1,839 കേസുകളിൽ അപേക്ഷകൾ ലഭ്യമായ 853 എണ്ണത്തിൽ പതിവുനടപടി വിവിധ ഘട്ടങ്ങളിലാണ്.<br>സംയുക്ത പരിശോധനാ ലിസ്റ്റ് പ്രകാരമുള്ള ഭൂമിയുടെ Site, Lay Out Plan, Total Station ഉപയോഗിച്ച് തയ്യാറാക്കിയ GEo Reference Map എന്നിവ തയ്യാറാക്കി ജില്ലക്ക് വേണ്ടി www.forestclearance .nic.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കുന്നതിനുള്ള ജി.പി.എസ് സർവ്വേ, മറ്റ് സാങ്കേതിക ജോലികൾ എന്നിവ പുരോഗമിക്കുന്നു. നടപടി പൂർത്തിയാകുന്ന മുറക്ക് പട്ടയങ്ങൾ അനുവദിക്കുന്നതാണ്. |
| 9 | പാലക്കാട് | പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, ആലത്തൂർ ചിറ്റൂർ, പാലക്കാട് താലൂക്കുകളിലായി 01.1.1977 -ന് മുമ്പ് വനഭൂമിയിൽ കുടിയേറ്റം നടത്തിയിട്ടുള്ള 643 അപേക്ഷകരുടെ ഭൂമികൾ റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുള്ളതാണ്. ജോയിന്റ് വെരിഫിക്കേഷൻ പൂർത്തികരിച്ച അപേക്ഷകൾ ഫോറസ്റ്റ് പരിവേശ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന് ഓരോ അപേക്ഷകരുടേയും വ്യക്തിഗത സ്കെച്ച് ലഭ്യമല്ലാത്തതിനാലും ടി സൈറ്റിൽ മറ്റ് സാങ്കേതിക തടസ്സങ്ങൾ മൂലവും വനം വകുപ്പിന്റെ പരിവേശ് പോർട്ടലിൽ അനുമതിക്കാവശ്യമായ ഭൂമികളുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. കൂടാതെ സംയുക്ത പരിശോധന പൂർത്തിയാക്കി തയ്യാറാക്കിയ വിസ്തീർണ്ണത്തേക്കാൾ കൂടുതൽ |

| | | |
|---|---|---|
| | | വഹകൾ ടി അപേക്ഷകരിൽ ചിലർ നിലവിൽ കൈവശം വച്ചുവരുന്നതും വ്യക്തിഗത സ്കെച്ച് തയ്യാറാക്കുന്നതിനായി വസ്തു അളന്നു തിട്ടപ്പെടുത്തുന്നതിന് അപേക്ഷകർ സംഘടിതമായി തടസ്സം നില്ക്കുന്ന സാഹചര്യം നിലവിലുള്ളതുമാണ്. പാലക്കാട് ജില്ലയിലെ മേൽ പറഞ്ഞ ലിസ്റ്റിൽ ഉൾപ്പെട്ട ധാരാളം പേർ നിക്ഷിപ്ത വനഭൂമിയായി നോട്ടിഫൈ ചെയ്ത വഹകൾ കുടിയേറി കൈവശം വച്ചുവരുന്നതാണ്.<br>ബഹു ഹൈക്കോടതിയുടെ WP(C)-4501/2018 നമ്പർ കേസിലെ ഉത്തരവ് പ്രകാരം സംയുക്ത പരിശോധനയ്ക്ക് വിധേയമായ സംരക്ഷിത വനഭൂമിയിൽ നടത്തിയ കൈയ്യേറ്റങ്ങൾ മാത്രമേ കേരള ഭൂമി പതിച്ച നൽകൽ (01.01.1977 -ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം ക്രമപ്പെടുത്തി കൊടുക്കേണ്ടതുള്ളു എന്നും, നിക്ഷിപ്ത വനഭൂമി EFL എന്നിവയിലെ കൈയ്യേറ്റങ്ങൾ / കുടിയേറ്റങ്ങൾ പ്രസ്തുത ചട്ടങ്ങൾ പ്രകാരം പരിഗണിക്കേണ്ടതില്ലെന്നും ഉത്തരവായിരുന്നു. ഹൈക്കോടതി വിധിക്കെതിരെ WA 694/2019 ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളി തീർപ്പാക്കിയിരുന്നു. മേൽസാഹചര്യങ്ങളുള്ളതിനാൽ നിലവിൽ ആർക്കും പട്ടയം നൽകിയിട്ടില്ല. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. |
| 10 | മലപ്പുറം | മലയോര മേഖലയിലെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുള്ളതും 674 കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ 08.11.2018 ലെ WP(C)-4501 നമ്പർ ഉത്തരവ് പ്രകാരം നിക്ഷിപ്ത വനഭൂമിയിലെ കൈവശക്കാർക്ക് പട്ടയം ക്രമവൽക്കരിക്കാൻ പാടില്ല എന്നുള്ളതിനാൽ 4 കൈവശക്കാർക്ക് മാത്രമാണ് 1993 ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുവാൻ കഴിയുന്നത്. ആയതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.. |
| 11 | കോഴിക്കോട് | കോഴിക്കോട് ജില്ലയിൽ വനം- റവന്യൂ വകുപ്പ് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ടി ജില്ലയിൽ 122 അപേക്ഷകളിലായി 45.661 ഹെക്ടർ വനഭൂമിയാണ് 01.01.1977 ന് മുൻപ് കൈയ്യേറിയതായി കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത കൈവശക്കാരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭ്യമാക്കുന്ന നടപടികൾ പുരോഗമിച്ച വരുന്നു. |
| 12 | വയനാട് | വയനാട് ജില്ലയിൽ 1441 അപേക്ഷകളിലായി 464.003 ഹെക്ടർ വനഭൂമിയാണ് 01.01.1977 ന് മുൻപ് കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളത്. ടി ഭൂമിയിൽ വനം- റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ തയ്യാറാക്കിയിട്ടുള്ള സ്കെച്ചിൽ ചില ന്യൂനതകൾ വനംവകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക സർവ്വേ ടീമിനെ വെച്ച് ഇതു ഫീൽഡിൽ പരിഹരിച്ചിട്ടുള്ളതുമാണ്. കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിൽ, സംയുക്ത പരിശോധന പൂർത്തിയാക്കിയതും അർഹരായവരുമായ അപേക്ഷകരുടെ ഭൂമിയുടെ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന നടപടികൾ ഉടൻ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ടി വിഷയത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറക്ക് അർഹരായവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. |
| 13 | കണ്ണൂർ | കണ്ണൂർ ജില്ലയിൽ 94 കേസുകളിലായി 9.328 ഹെക്ടർ ഭൂമി 01.01.1977 ന് മുൻപ് കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളതും സംയുക്തപരിശോധന റിപ്പോർട്ട്, സ്കെച്ച് മറ്റ് അനുബന്ധരേഖകൾ സഹിതം "എ" ഫോറം തയ്യാറാക്കി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരത്തിന് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| | | ടി ഭൂമിയുടെ സർവ്വേ നടപടികൾ നടന്നുവരുന്നു. ആയത് പൂർത്തീകരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 14 | കാസർഗോഡ് | സംയുക്ത പരിശോധന കേസുകൾ ഇല്ലാത്തതാണ്. |

<u>അനുബന്ധം-II</u>

| ക്രമ നമ്പർ | ജില്ല | മറുപടി |
|---|---|---|
| 1 | തിരുവനന്തപുരം | സംയുക്ത പരിശോധന പൂർത്തിയായിട്ടില്ലാത്ത കേസുകൾ നിലവിൽ ഇല്ല. |
| 2 | കൊല്ലം | ജില്ലയിലെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്. |
| 3 | പത്തനംതിട്ട | പത്തനംതിട്ട ജില്ലയിലെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്. |
| 4 | ആലപ്പുഴ | സംയുക്ത പരിശോധന കേസുകൾ ഇല്ലാത്തതാണ്. |
| 5 | കോട്ടയം | കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക് കോരുത്തോട് എന്നീ വില്ലേജുകളിൽപ്പെട്ടതും റവന്യൂ റിക്കാർഡുകൾ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റ് റിസർവ് വനം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ 1454 ഹെക്ടർ പ്രദേശങ്ങളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടില്ല.<br>ആദിവാസികൾക്ക് പുറമെ ടിയാളുകളിൽ നിന്നും കൈമാറി വാങ്ങി കൈവശം വെച്ചുകൊണ്ടിരിക്കുന്ന ഇതര വിഭാഗത്തിൽപ്പെട്ടവരും ടി പ്രദേശങ്ങളിൽ താമസമുള്ളതാണ്. ആദിവാസി ഇതര വിഭാഗത്തിൽപെട്ടവരെ ഒഴിപ്പിക്കുന്നതിന് 1992 കാലയളവിൽ ശ്രമം നടത്തിയിരുന്നുവെങ്കിലും സർക്കാർ ജീപ്പ് കത്തിക്കുന്നതുൾപ്പെടെയുള്ള വലിയ ജനകീയ പ്രക്ഷോഭം ഉണ്ടായതിനാൽ നടപടികൾ നിർത്തി വയ്ക്കുകയാണ് ഉണ്ടായത്. വനത്തിന്റെ സ്വഭാവത്തിൽ നിന്നും വിഭിന്നമായി സ്കൂളുകൾ, ആരാധനാലയങ്ങൾ, ആശുപത്രി വാണിജ്യ സ്ഥാപനങ്ങൾ എന്നിവയുള്ള വികസിത പ്രദേശമായി മാറി കഴിഞ്ഞിട്ടുള്ളതാണ്.<br><br>എന്നാൽ ടി വസ്തുക്കളിന്മേൽ പട്ടയം നൽകുന്ന കാര്യത്തിൽ വനം വകുപ്പ് ആക്ഷേപം ഉന്നയിച്ചിട്ടുള്ളതും ടി വിഷയം യു3/72/2022/റവ നമ്പർ ഫയലിൽ സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുന്നതുമാണ്.. |
| 6 | ഇടുക്കി | 01.01.1977 ലെ സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടുവന്നിട്ടില്ലാത്തതിനാൽ ആയതിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് പൊതുജനങ്ങളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇനിയും സംയുക്ത പരിശോധന നടത്തേണ്ടതായി കാണുന്ന ഭൂപ്രദേശങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചുവരികയാണ്. |
| 7 | എറണാകുളം | കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ, കാരമ്പാറ, കോട്ടപ്പടി, കടവൂർ, നേര്യമംഗലം, കുട്ടമംഗലം വില്ലേജുകളിലായി 4567 കൈവശക്കാരുടെ 1743.99 ഹെക്ടർ അംഗീകൃത സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതായി കണക്കാക്കിയിട്ടുണ്ട്. ടി ഭൂമി പതിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി വ്യക്തികളും സംഘടനകളും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വനം റവന്യൂ വകുപ്പുകൾ ചേർന്ന് സംയുക്ത പരിശോധന നടത്തി അർഹരായവരെ കണ്ടെത്തി കേന്ദ്ര ഗവൺമെന്റ് അനുമതി ലഭ്യമാക്കിയാൽ പതിച്ച് നൽകാവുന്നതാണ്. |

| | | |
|---|---|---|
| 8 | തൃശ്ശൂർ | സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്. |
| 9 | പാലക്കാട് | അത്തരം കേസുകൾ ഇല്ല. |
| 10 | മലപ്പുറം | മലപ്പുറം ജില്ലയിലെ മലയോരമേഖലകളിലെ റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുള്ളതാണ്. |
| 11 | കോഴിക്കോട് | കോഴിക്കോട് ജില്ലയിൽ വനം റവന്യൂ വകുപ്പ് സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. |
| 12 | വയനാട് | വയനാട് ജില്ലയിൽ വന റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്. |
| 13 | കണ്ണൂർ | 01.01.1977 ന് മുമ്പ് കൈവശം വച്ചുവരുന്ന വനഭൂമി ക്രമപ്പെടുത്തൽ ( 94 കേസുകളിലായി 9.328 ഹെക്ടർ ഭൂമി) സർവ്വേ ജോലി ( ജി.പി.എസ് ഒബ്സർവേഷൻ) നടത്തുന്നതിന് തഹസിൽദാർ(എൽ.ആർ) ഇരിട്ടി ഫോറസ്റ്റ് റേഞ്ച് ഓഫീസർ കൊട്ടിയൂർ, താലൂക്ക് സർവ്വെയർ ഇരിട്ടി എന്നിവർ ഉൾപ്പെടുന്ന ടീമിനെ നിയോഗിച്ച് സർവ്വേ നടപടികൾ തുടർന്ന് വരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 14 | കാസർഗോഡ് | സംയുക്ത പരിശോധന കേസുകൾ ഇല്ലാത്തതാണ്. |

## അനുബന്ധം -III

| ക്രമ നമ്പർ | ജില്ല | മറുപടി |
|---|---|---|
| 1 | തിരുവനന്തപുരം | ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ഭൂമിയും ഉടമസ്ഥവകാശ രേഖകളും നൽകുന്നതിന്റെ ഭാഗമായി കാട്ടാക്കട താലൂക്കിൽ വീരണകാവ് വില്ലേജിൽ ബ്ലോക്ക് 44 ൽ റീസർവേ 69/4 ൽ ഉൾപെട്ട 01 ഹെക്ടർ 91 ച.മീറ്റർ ഭൂമി വാങ്ങുകയും ആയതിലേക്കായി 11 ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| 2 | കൊല്ലം | വനാവകാശ നിയമം 2006 പ്രകാരം, കൊല്ലം ജില്ലാ തല സമിതി അംഗീകരിച്ച 1158 അപേകഷകർക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ ട്രൈബ്യൂണൽ മിഷൻ മുഖേന ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യവും കൃഷി യോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ( ലാൻഡ് ബാങ്ക്) പ്രകാരം അച്ചൻകോവിൽ മേഖലയിൽ മുതലത്തോട് പട്ടികവർഗ്ഗ സങ്കേതത്തിൽ വളരെ പരിതാപകരമായ അവസ്ഥയിൽ താമസിക്കുന്ന മലപണ്ടാര സമുദായത്തിൽപ്പെട്ട 18 ഭൂരഹിത കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭൂമിയും വീടും മററ് അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട്, ഭൂമി വില്പനക്ക് തയ്യാറായി ഓഫറുകൾ സമർപ്പിച്ചിരുന്ന അച്ചൻകോവിൽ മേഖലയിൽ നിന്നുള്ള ഭൂ ഉടമകളുടെ ഭൂമി ടി പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും അതനുസരിച്ച് ടിയാളുകളുടെ ഭൂമി ടി പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ തല പർച്ചേയ്സ് കമ്മിറ്റി കൂടുകയും തുടർനടപടികൾ പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നതുമാണ്. കൂടാതെ സംയുക്ത പരിശോധനയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ പേർക്കും പട്ടയം നൽകുന്നതിനുള്ള (കേന്ദ്രാനുമതി ലഭിക്കുന്ന മുറക്ക്) നടപടികളും സ്വീകരിച്ചു വരുന്നതാണ്. |
| 3 | പത്തനംതിട്ട | പത്തനംതിട്ട ജില്ലയിൽ വനാവകാശ നിയമ പ്രകാരം 959 കൈവശരേഖകൾ വിതരണം ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ ലാൻഡ് ബാങ്കിലേക്ക് 4 ഭൂവുടമകളുടെ ഭൂമി 2,80,01,862 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ടി ഭൂമി വിതരണം ചെയ്യുന്നതിന് ലഭ്യമായ ഭൂരഹിതരുടെ അർഹതാ പട്ടിക തയ്യാറാക്കി ജനകീയ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 4 | ആലപ്പുഴ | സംയുക്ത പരിശോധന കേസുകൾ ഇല്ലാത്തതാണ്. |

| | | |
|---|---|---|
| 5 | കോട്ടയം | ഭൂരഹിതരായ പട്ടിക വർഗക്കാർക്ക് ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നതിലേയ്ക്കായി പട്ടിക വർഗ വികസന വകുപ്പ് വാങ്ങി, ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയ മീനച്ചിൽ താലൂക്കിൽ മോനിപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 3 ൽ റീസർവേ നമ്പർ 8/5 ൽ പ്പെട്ട 87.20 ആർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഐറ്റിഡിപി പ്രോജക്ട് ഓഫീസറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നതായും ജനകീയ കമ്മറ്റിയിൽ 588 പേരുടെ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചതായും ഐറ്റിഡിപി പ്രോജക്ട് ഓഫീസർ 20-04-2022 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |
| 6 | ഇടുക്കി | ഭൂരഹിതാരായ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വാത്തിക്കുടി വില്ലേജിൽപ്പെട്ട 63.57 ആർ ഭൂമിയും വെള്ളിയമറ്റം വില്ലേജിൽ പെട്ട 362.89 ആർ സ്ഥലവും വില നൽകി ഏറ്റെടുത്ത് നൽകുന്നതിന് അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി ഇടുക്കിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| 7 | എറണാകുളം | 2016 മുതൽ എറണാകുളം ജില്ലയിൽ ടി.ആർ.ഡി.എം മുഖേന 99 പേർക്ക് 10 സെന്റ് ഭൂമി വീതം നേര്യമംഗലത്തെ കൃഷിഫാമിലും, " അർഹിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം" പദ്ധതി പ്രകാരം 9 പേർക്ക് 25 സെന്റും 2 പേർക്ക് 30 സെന്റ് ഭൂമി വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ നിന്നും 5 ഭൂഉടമകളിൽ നിന്നും ഭൂമി വാങ്ങി ആദിവാസി പുനരധിവാസ മിഷനുവേണ്ടി ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റെടുത്ത ആകെ ഭൂമിയുടെ വിസ്തീർണ്ണം 253.91 ആർ ആണ്. ആയത് ഉടൻ തന്നെ പ്ലോട്ടുകളാക്കി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതാണ്. |
| 8 | തൃശ്ശൂർ | a) 1993 ലെ കേരള ഭൂമിപതിച്ചനൽകൽ (01.01.1977 ന് മുമ്പുള്ള വനഭൂമി കടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം പട്ടയത്തിനായി ലഭിച്ച 70 അപേക്ഷകളിൽ 37 പേർക്ക് (2.9182 ഹെക്ടർ) പട്ടയം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ശേഷിക്കുന്ന 33 അപേക്ഷകളിൽ പട്ടയനടപടി ത്വരിതപ്പെടുത്തുന്നതിനായി ജില്ലയിലെ പട്ടികവർഗ്ഗകോളനികൾ കേന്ദ്രീകരിച്ച് അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>b) പട്ടികവർഗ്ഗ - ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം) മുഖേന തൃശ്ശൂർ ജില്ലയിൽ "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" പദ്ധതി പ്രകാരം 21 പേർക്കും സെറിബ്രൽ പാൾസി രോഗം ബാധിച്ച ഒരാൾക്കും കൂടി ആകെ 22 പേർക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.<br>c) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരവും ഭൂമി അനുവദിച്ച് വരുന്നുണ്ട് . വ്യക്തിഗത വനാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ നാളിതുവരെ 823 ടൈറ്റിലുകൾ (899.89 ഏക്കർ) വിതരണം നടത്തിയിട്ടുള്ളതാണ്. |
| 9 | പാലക്കാട് | പാലക്കാട് ജില്ലയിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ് 1 & 2 ക്ലിയറൻസ് ലഭിച്ച 4361.30 ഹെക്ടർ (10,772.42 ഏക്കർ) |

| | | |
|---|---|---|
| | | നിക്ഷിപ്ത വനഭൂമി പട്ടിക വർഗ്ഗാംഗങ്ങളുടെ പുനരധിവാസത്തിനായി നീക്കിവെച്ചിരുന്നു. ആയതിൽ നിന്നും കെ.എസ്.ടി ആക്ട് സെക്ഷൻ 10, വനാവകാശ നിയമം എന്നിവ പ്രകാരം ആകെ 1010.90 ഹെക്ടർ ഭൂമി അർഹരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിതരണം നടത്തിയിട്ടുണ്ട്.<br><br>മറ്റു വകുപ്പുകളിൽ നിന്നും (ഇറിഗേഷൻ വകുപ്പ്) ലഭ്യമായ 8.42 ഹെക്ടർ ഭൂമി കെ.എസ്.ടി. ആക്ട് സെക്ഷൻ 10 പ്രകാരം അർഹരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിതരണം നടത്തിയിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗകുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഏറ്റെടുത്ത 2.958 ഹെക്ടർ ഭൂമി അർഹരായ ഗുണഭോക്താക്കൾക്ക് അളന്ന് തിരിച്ച് നൽകിയിട്ടുണ്ട്.<br>വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ അപേക്ഷകളിന്മേൽ സർവെ നടപടികൾ പൂർത്തിയാക്കി SLC/ DLC എന്നിവ അംഗീകരിച്ച അപേക്ഷകളിൽ കൈവശാവകാശം / സാമൂഹികാവകാശം എന്നിവ നൽകി വരുന്നുണ്ട്. |
| 10 | മലപ്പുറം | ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കേന്ദ്രാനുമതി ലഭിച്ച് വനംവകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയ നിക്ഷിപ്ത വനഭൂമിയിൽ പട്ടയവും വനാതിർത്തിക്ക് ഉള്ളിൽ താമസിക്കുന്നവർക്ക് കേന്ദ്ര വനാവകാശ നിയമം 2006 പ്രകാരം കൈവശാവകാശ രേഖയുമാണ് നൽകുന്നത്.<br>a) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2003 ലെ സ്റ്റേജ് I, 2004 ലെ സ്റ്റേജ് II ക്ലിയറൻസുകൾ പ്രകാരം മലപ്പുറം ജില്ലയിൽ 203.64 ഹെക്ടർ നിക്ഷിപ്ത വനഭൂമിയാണ് പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പതിച്ചു കൊടുക്കുവാനുള്ളത്. ആയതിൽ വനം വകുപ്പിൽ നിന്ന് റവന്യൂ വകുപ്പിന് കൈമാറിക്കിട്ടിയ 10 ഹെക്ടർ ഭൂമി 20.02.2019 ന് 34 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പതിച്ച് കൊടുത്തിട്ടുള്ളതാണ്. 2020 ൽ വനം വകുപ്പിൽ നിന്ന് റവന്യൂ വകുപ്പിന് വിട്ടുകിട്ടിയ 107.1164 ഹെക്ടർ നിക്ഷിപ്ത വനഭൂമി പൊതു ആവശ്യത്തിനുള്ളവ അടക്കം 1254 പ്ലോട്ടുകളാക്കി തിരിക്കുകയും ആയതിലേക്ക് ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആകെ ലഭിച്ചിട്ടുള്ള 1709 അപേക്ഷകളിൽ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പതിച്ചു കൊടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br>b) 23.10.2013 ലെ ഉത്തരവ് 84/2013/പ.ജ.പ.വ.വി.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ ഉപയോഗിച്ച് ഭൂമി വാങ്ങി നൽകുന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം 2019 ൽ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ ചളിക്കൽ പട്ടികവർഗ്ഗ കോളനിയിലെ 34 കുടുംബങ്ങൾക്ക് എടക്കര വില്ലേജ് മലച്ചി (ചെമ്പൻകൊല്ലി) യിലെ 2.1327 ഹെക്ടർ ഭൂമി വില കൊടുത്ത് വാങ്ങി പതിച്ച് നൽകി പുനരധിവസിപ്പിച്ചിട്ടുണ്ട്. |
| 11 | കോഴിക്കോട് | കോഴിക്കോട് ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്ക് പദ്ധതി പ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി വാങ്ങി പട്ടയം നൽകി വരുന്നു. |
| 12 | വയനാട് | ഭൂരഹിത പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നത് പ്രത്യേക അപേക്ഷ ക്ഷണിച്ചിട്ടാണ്. ജില്ലാ തലത്തിലും, പഞ്ചായത്ത് തലത്തിലും രൂപീകരിച്ചിട്ടുള്ള സമിതി മുഖേന പരിശോധന നടത്തി തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. ഇങ്ങനെ തയ്യാറാക്കിയ ലിസ്റ്റ് പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും |

| | | |
|---|---|---|
| | | ലഭിക്കുന്ന മുറക്ക് ഭൂമി സർവ്വേ ചെയ്ത് സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കുകയും നിക്ഷിപ്ത വനഭൂമി പതിച്ചു നൽകേണ്ട കേസുകളിൽ ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ച കൈവശരേഖകൾ റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്നു.<br>കൂടാതെ ലാന്റ് ബാങ്ക് പദ്ധതിയിൽ ഭൂമി വിലക്ക് വാങ്ങി പതിച്ചു നൽകുന്ന കേസുകളിൽ 2001 ലെ ഭൂമി പതിവ് ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ച് എ ഫോറത്തിൽ പട്ടയവും നൽകുന്നു. |
| 13 | കണ്ണൂർ | കണ്ണൂർ ജില്ലയിൽ DLC, SDLC കമ്മിറ്റികൾ രൂപീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 14 | കാസർഗോഡ് | സംയുക്ത പരിശോധന കേസുകൾ ഇല്ലാത്തതാണ്. |